സഞ്ചാര കുറിപ്പുകൾ

# കാനഡയുടെ അറ്റ്ലാൻഡിക് തീരങ്ങളിലൂടെ.

ജോൺ ഇളമത.

ഒന്ന്.

വേനൽക്കാല കുളിർമയിൽ ഒരു യാത്ര ഉറപ്പെട്ടു,2015 ജൂൺ 23 മുതൽ ജൂലൈ 2 വരെ.ഞങ്ങൾ നാലു പേർ.ടോറൻേറായിൽ നിന്ന് ഞാൻ,ഭര്യ ആനിമ്മ,ചിക്കാഗോയിൽ നിന്ന് തോമസ്സ് ചിറമേൽ,ഭാര്യ അൽഫോൻസ. ഒരു നീണ്ട ഡ്രൈവ്!ഏതാണ്ട് നാലായിരത്തിലധികം മൈലുകൾ!,വടക്കു കിഴക്കൻ അറ്റ്ലാൻഡിക് തീരങ്ങള ിലൂടെ.

പതിനാലാം നൂറ്റാണ്ടിൻെറ അന്ത്യത്തിൽ പൊന്നും,ഭമിയും തേടിപോയ അതിസാ ഹസികരായ യൂറോപ്യൻ കപ്പലോട്ടക്കാരുടെ കൂട്ടത്തിൽ ക്രിസ്റ്റഫർ കൊളബസ് എത്തപ്പെട്ട പുതിയ ഭൂഖണ്ഡം.വടക്ക് അററലാൻഡിക് തിരകളിൽ മുറിഞ്ഞ് കിടക്കുന്ന ദ്വീപുകൾ.ചരിത്രത്തിൻെറ ഇടനാഴികളിൽ ഭുമിക്കു വേണ്ടി മല്ലിട്ടു മരിച്ചവരുടെ അനേകായിരം ശവകുടീരങ്ങൾ.അവ നിർജ്ജീവ രക്തസാക്ഷ്യത്തിൻെറ തിരുശ്ശേഷിപ്പുകളായി അങ്ങിങ്ങു കാണപ്പെട്ടു.അലയിടിച്ച് അട്ടഹസിക്കുന്ന അറ്റ്ലാൻഡിക്കിൽ ഉടഞ്ഞു പോയ 'ടൈട്ടാനിക്' എന്ന ഉരുക്കു കപ്പൽ ഒർമ്മയിൽ എത്തി. പൊലിഞ്ഞു പോയ നിരവധി നിസ്സഹായരുടെ ദീനരോദനം,അറ്റ്ലാൻഡിക് തിരകളിൽ ഒരു ശോകഗാനാലാപനം പോലെ മുഴങ്ങുന്നില്ലേ എന്നു തോന്നി.

യാത്ര പുറപ്പെട്ടത് ക്യുബക്കിലേക്കാണ്.ഒട്ടവയുടെയുടെയും,മോൺട്രിയോളിൻറയും, പ്രാന്തപ്രദേശങ്ങളെ പിന്നിട്ട്,ഇടതുർന്ന വന മദ്ധ്യങ്ങളിലൂടെയും,കണ്ണെത്താത്ത വയലുകളിലൂടെയും , അവക്കിടയിലെ തടാക കരയിലൂടെയും,നദിക്കരയിലൂടെയും പിന്നിട്ടപ്പോൾ,ഫ്രഞ്ച് അധീന ക്യുബക്കിൽ ഇംഗീഷ് ഭാഷയുടെ ഒഴുക്ക് അസ്മിച്ചു എന്നു തോന്നി..ഫ്രഞ്ച് അക്ഷരങ്ങൾ പേറി നൽക്കുന്ന വഴി വിവര ബോർഡുകൾ,സംഗീത മഴ പോലെ പെയ്തിറങ്ങുന്ന ഫ്രഞ്ച് സംസാരിക്കുന്ന ക്യുബക്കുകാർ.എല്ലാം ഫ്രാൻസിലെത്തിയ പ്രതീതി ഉണർത്തി.മുറിഞ്ഞു വീണ ഇംഗീഷ് സംസാരിക്കാൻ ബന്ധപ്പെടുന്ന ക്യുബക്കുകാരെ കാണുബോൾ,'കനാഡ' എന്നു പരിചയപ്പെടത്തി, സ്വന്തം ഭൂമിയെ യൂറോപ്യർക്ക് പങ്കിട്ടു കൊടുക്കേണ്ടി വന്ന 'റെഡ് ഇന്ത്യാ'ക്കാരെയാണ് നമ്മുക്കോർമ്മ വരിക. യൂറോപ്യരുടെ ഭീരങ്കിക്കു മുമ്പിൽ ചാവേറുകളെ പോലെ ചത്തൊടുങ്ങിയ ധീരരായ ആ ദിവാസികൾ! അവരുടെ മണ്ണും,പൊന്നും,പെണ്ണും,പാക്കപ്പലിലെത്തിയ കപ്പിത്താൻമാരും,അവരുടെ അനുയായികളും,പിന്നീടെത്തിയ കുടിറ്റേക്കാരും പങ്കിട്ടെടുത്തപ്പോൾ ഒരു പുതിയ ഭൂഖണ്ഡത്തിൻെറ ചരിത്രം അനാവരണം ചെയ്യുന്നു.

അവിടെ സാമ്രാജ്യങ്ങളുയർന്നു.ഫ്രാൻസിലെ ധീരരായ കപ്പിത്താന്മാരുടെയും,പട്ടാള മേധാവികളുടെയും,രാജാക്കന്മാരുടെയും,പ്രഭക്കന്മാരുടെയും,ഉരുക്കു,ചെമ്പു പ്രതിമകൾ, മദ്ധ്യകാല യൂറേപ്പിൻറ ഗതകാല സ്മരണകള ഉണർത്തി.കുടിയേറ്റക്കാരുടെ ഇടുങ്ങിയ ഭവനങ്ങൾ,അതിശീതത്തെ അതീജീവിച്ച ജീർണ്ണിച്ച അവരുടെ വിറകു ചിമ്മിനികളുടെ കറുത്ത മഷിക്കറ,ചൂപ്പൽ പിടിച്ച കൃഷി ആയുധങ്ങൾ,കുതിര വണ്ടികൾ,അവക്കിടയിലയർന്നു നിൽക്കുന്ന ഗോധിക് ഗോപുരങ്ങളുള്ള പള്ളികൾ.ഇന്നവ ആരാധാനാലയങ്ങളല്ല,മറിച്ച് പുരാതന വസ്തു നിരീക്ഷണ കാഴ്ച വസ്തുക്കളായി സന്ദർശകരുടെ മുമ്പിൽ കൈകൂപ്പി നിക്കന്നു.കല്ലുകളിൽ കൊത്തിയ പുണ്യവാളന്മാരും,പറക്കാൻ ചിറകുയർത്തി നിൽക്കുന്ന മാലാഖമാരും,നമ്മെ മദ്ധ്യകാല ജീവിതത്തിൻെറയും അതിഭാവനയുടെയും,അതിവിസ്മയത്തിൻെറയും സരണികളിലേക്ക് കൈപിടിച്ചു കൊണ്ടുപോകുന്നു.

ക്യുബക്ക് നഗര മദ്ധ്യത്തിലെ ചുടുകട്ടകൾ പാകിയ ഇടുങ്ങിയ നരത്ത്, മദ്ധ്യകാലഘട്ടങ്ങളിലെ യൂറോപ്പിനെ അനുസ്മരിപ്പിക്കുന്നു.ചരിത്രത്തിൻെറ രക്ത കറകൾ പുരണ്ട കുതിരവണ്ടികളുടെ ഇരുമ്പു പട്ടകൾ കോറിയിട്ട പാടുകൾ അവ്യക്തമെങ്കിലും ഇടക്കിടെ കാണാം. അവക്കിരുപുറവുമുള്ള കരിങ്കൽ കൊട്ടാരങ്ങളിൽ രാജാക്കളും,പ്രഭുക്കളും,കപ്പിത്താൻമാരും

,സേനാധിപതികളും പാർത്തരിക്കണം.അവിടെ  അലങ്കരിച്ച കുതിരവണ്ടികളിൽ അത്തർ പുരട്ടി
,ചുണ്ടുകൾ ചുവപ്പിച്ച സുന്ദരിമാരായ വെപ്പാട്ടികൾ സഞ്ചരിച്ചിരിക്കണം.

തടാകക്കരയിലും,നദിക്കരയിലും,കടിയേറ്റക്കാരുടെ ഭവനങ്ങൾ
കണ്ടു.കരിങ്കല്ലും,തടികൾ കൊണ്ടും തീർത്തവ.അവക്കു ചുറ്റും പരന്നു കിക്കുന്ന കൃഷിസഥലങ്ങൾ,
വിറകു പുരകൾ,പാകം ചെയ്യാനുപയോഗക്കുന്ന കരിങ്കൽ കെട്ടിയ നെരിപ്പോടുകൾ,വൈക്കോൽ
കെട്ടുകളാക്കി തെറുത്തു കെട്ടന്ന പുരാതന യന്ത്രസാമഗ്രികൾ,പഴുകി തുരുമ്പിച്ച പണി ആ
യുധങ്ങൾ.  ഇവയൊക്കെ ചില ഇടങ്ങളിൽ ക്യുബക്കുകാർ സ്മാരകങ്ങളായി സൂക്ഷച്ചിരക്കുന്നു,കാഴ
ചക്കാർക്കു വണ്ടിയും,ഗൃഹാതുരത്വം നിലനിർത്താൻ വേണ്ടിയും.

ക്യുബക്കിലെ മറ്റൊരു കാഴ്ച ആൽബ്രട്ട് ഗിൽസ്സെന്ന ഫ്രഞ്ചു കുിയേറ്റ
തലമുറയുടെ ചെമ്പുശില്പ നിർമ്മാണ കേന്ദ്രമാണ്.ചെമ്പിൽ കവിത തീർക്കുന്ന നയന സുന്ദരമായ
ഒരു ഓട്ടപ്രതിക്ഷണം,ഒരു ഫ്രഞ്ചു കുടിയേറ്റത്തിൻെറ മൗനമുദ്ര പോലെ നമ്മെ അത് ആ
വേശഭരിതരാക്കുന്നു.ക്യുബക്കു നഗരത്തിലെ സെൻറ് അന്നാ ബസിലിക്കയെ അലങ്കരിക്കുന്ന ചെമ്പു
ശില്പ്പങ്ങൾ
ഇവരുടെ നിർമ്മിതിയാണ്.ലോകത്തിലെ ചെമ്പ് ഉത്പാന കേന്ദ്രങ്ങളിൽ ക്യുബക്ക് പ്രസിദ്ധമാണ്.
ക്ലാവ് പിടിച്ച ചെമ്പു പ്രതിമകൾ എവിടെയും കാണാം,സാഹസികരായ ഫ്രഞ്ചു കപ്പിത്താന്മാരു
ടെയും,സൈനിക മേധാവികളായ പ്രഭുക്കളുടെയും.എന്തിന് സെൻറ അന്നാ ബസ്സിലിക്കയുടെ
മേൽക്കുരയുടെ കുറേ ഭാഗമെങ്കിലും ചെമ്പു തന്നെ!

കാഴ്ചക്കാരെ ആകർഷിക്കുന്ന മറ്റൊന്ന്,കുടിയേറ്റ ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ
എവിടയും തലയുയർത്തി നിൽക്കുന്ന കപ്പേളകളും,പള്ളികളുമാണ്.അവയുടെ മുകളിൽ കുരിശോട്
ചേർന്നു നിൽക്കുന്ന 'കോഴിപൂവൻ' ഫ്രഞ്ചടയാളമായി നിലകൊള്ളുന്നു.ക്യുബക്കിൻെറ മഹാമുദ്ര
സെൻെറ് അന്നാ ബസ്സിലിക്കയാണ്.മദ്ധ്യകാല ഫ്രഞ്ചു കുടിയറ്റത്തിലെ വലിയ നാഴികകല്ലു പാലെ
ആകാശത്തിലേക്ക് തലയുയർത്തി ഇരു ഗോപുരങ്ങൾ.അതിനു മദ്ധ്യത്തിൽ വിശുദ്ധ അന്നയുടെ
തങ്കം പൂശിയ പൂർണ്ണകായ പ്രതിമ സൂര്യകിരണങ്ങളിൽ സുവർണ്ണ പ്രാശം ചൊരിഞ്ഞു നിൽക്ക
ുന്നു.മാസങ്ങളോളം നീളുന്ന കപ്പൽയാത്തക്കൊടുവിൽ ക്ഷീണിച്ചവശരായ കുടയേറ്റക്കാരുടെ ആശ്രയ
ആശ്വാസ കേന്ദ്രമായിരുന്നു,പതിനെട്ടും,പത്തൊമ്പതും നൂറ്റാണ്ടികളിലീ ബസ്സിലിക്ക.അവർ അർപ്പച്ച
നേർച്ചകാഴചകളും,ഭണ്ഡാരങ്ങളിൽ അവർ കുത്തിനിറച്ച സമ്പത്തിലും ഈ ബസ്സിലക്കാ
കൈവിട്ടൊരു മദ്ധ്യകാല ഫ്രഞ്ചു സംസ്ക്കാത്തിൻെറ സ്മാരകമായി ഇന്നും നില കൊള്ളുന്നു.ഇന്ന
ത്തെ തലമറയാകട്ടെ  ഈശ്വരവിശ്വാസം കൈയൊഴിഞ്ഞൊരു തലമുറ ആയി കൊണ്ടിരിക്കുന്നതു
കൊണ്ട് ഒട്ടേറെ പള്ളകളും,ബസ്സിലിക്കകളും,അരാധന ഇല്ലാത്ത പുരാതന കാഴ്വസ്തുക്കളായി
നിലകൊള്ളുന്നു.

ഒരു സംസ്ക്കാരത്തിൻെറ,ഒരു ജനതയുടെ രണ്ടു മുഖങ്ങളാണ്,ഫ്രൻസും,ഇംഗ്ലണ്ടും,
ഫ്രഞ്ചും,ഇംഗ്ലീഷും!അവയെ വേർതിരക്കാനാകത്ത വിധം അവ പരസ്പരം ചുറ്റിപിരിഞ്ഞു
കടക്കന്നു.പരിപൂർണ്ണ ഫ്രഞ്ചുകാരലാത്തവരുടെയും, ഇംഗ്ലീഷുകാരല്ലാത്തവരുടെയും ഒരു സംസ്ക്ക
ാരസ സമ്മിശ്രണമാണ് കാനഡ.ഉള്ളിൽ ഫ്രഞ്ചും,ഇംഗ്ലിഷും,സംസ്ക്കാരങ്ങളും,രീതികളും
,അഭിലാഷങ്ങളും,ആശയങ്ങളും, ഇടക്കിടെ അവരെ മാനസ്സികമായും,സാംസ്ക്കാരികമായും
ഭിന്നിപ്പിക്കാറുണ്ടെങ്കിലും, 'ഫ്രീ കൺട്രി' എന്ന ഉടമ്പടിയിൽ പിറന്ന 'സയാമീസ് ഇരട്ട'കളെന്ന്
എന്ന് അവരെ വിശേഷിപ്പിച്ചാൽ അതിൽ അതിശയോക്തി ഇല്ല തന്നെ!

തുടരും......